"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - അടിമാലി ഗ്രാമപഞ്ചായത്തുമായി അതിരുപങ്കിടുന്ന വനഭൂമിയോടു ചേർന്ന് സൗരവേലി സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതിന് ഗുണഭോക്തൃവിഹിതം ഒഴിവാക്കി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേസ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.596/2025/LSGD തീയതി,തിരുവനന്തപുരം, 04-03-2025

---

പരാമർശം:-
1. ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16/01/2025-ലെ കത്ത്.
2. അടിമാലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 06/01/2025-ലെ SC2/11341/2024 നമ്പർ കത്ത്.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 30/01/2025-ലെ 4.14 നമ്പർ തീരുമാനം.

**<u>ഉത്തരവ്</u>**

അടിമാലി ഗ്രാമപഞ്ചായത്തുമായി അതിർത്തി പങ്കിടുന്ന വനഭൂമിയോട് ചേർന്നുകിടക്കുന്ന കൃഷിഭൂമിയിലെ കർഷകരുടെ കാർഷിക വിളകൾ സംരക്ഷിക്കുന്നതിനും, 500 ഏക്കറോളം കൃഷിഭൂമി കൃഷി യോഗ്യമാക്കുന്നതിനും, മനുഷ്യരുടെ ജീവൻ സുരക്ഷിതമാക്കുന്നതിനുമായി വന്യജീവി ശല്യം നിയന്ത്രിക്കുന്നതിന് ആവിഷ്കരിച്ച സൗരവേലി സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതിന് മാർഗ്ഗരേഖ പ്രകാരം ചെലവിന്റെ 50% തുക ഗുണഭോക്തൃവിഹിതമായി അടക്കേണ്ടതുണ്ട്. വനം വകുപ്പ് നിശ്ചയിച്ചിട്ടുള്ള നിരക്കനുസരിച്ച് ടെണ്ടർ മുഖേന വനംവകുപ്പിന്റെ ഭൂമിയിലാണ് ഫെൻസിംഗ് നിർമ്മിക്കുന്നത്. ആയതിനാൽ ഗുണഭോക്തൃവിഹിതം ഒഴിവാക്കി മുഴുവൻ തുകയും വഹിക്കുന്നതിന് അടിമാലി ഗ്രാമപഞ്ചായത്തിന് അനുമതി നല്കണമെന്ന് പരാമർശം (1), (2) പ്രകാരം അപേക്ഷിച്ചിരുന്നു.

പരാമർശം (3) പ്രകാരം ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വനഭൂമിയിലാണ് സൗരോർജ്ജ വേലി സ്ഥാപിക്കുന്നത് എന്നതിനാൽ ഗുണഭോക്തൃവിഹിതം ഒഴിവാക്കുന്നതിന് അടിമാലി ഗ്രാമപഞ്ചായത്തിന് അനുമതി നല്കി ഉത്തരവാകുന്നു. നിർവ്വഹണം, എസ്റ്റിമേറ്റ് എന്നിവയിൽ

വനം വകുപ്പുമായി ചേർന്ന് വേണം തീരുമാനമെടുക്കേണ്ടത്, ഒപ്പം വനംവകുപ്പിന്റെ വിഹിതം കൂടി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

ജില്ലാ പ്ലാനിംഗ് ഓഫീസർ, ഇടുക്കി ജില്ല.

സെക്രട്ടറി/പ്രസിഡന്റ്, അടിമാലി ഗ്രാമപഞ്ചായത്ത്, ഇടുക്കി ജില്ല.

ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്, വനം വന്യജീവി വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) തിരുവനന്തപുരം.

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ വിങ്, ഐ & പി.ആർ.ഡി, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (LSGD-DA2/19/2025-LSGD)

ഉത്തരവിൻ പ്രകാരം,

Signed by
Viraj K
Date: 04-03-2025 11:31:03

സെക്ഷൻ ഓഫീസർ